തൊഴുത്തിന് തീപിടിച്ച് പശുകുട്ടി ചത്തു

തൃശ്ശൂർ: വെങ്കിടങ്ങ് മനയ്ക്കൽ കടവിൽ തൊഴുത്തിന് തീപിടിച്ച് പശുകുട്ടി ചത്തു. രക്ഷാപ്രവർത്തനത്തിടെ ഉടമകൾക്കും പരിക്കേറ്റു. വെങ്കിടങ്ങ് അപ്പനാത്ത് സുരേന്ദ്രന്റെ വീടിനോട് ചേർന്നുള്ള തൊഴുത്തിനാണ് തീ പിടിച്ചത്.

സ്വർണവില കുറഞ്ഞു

തൃശ്ശൂർ: സംസ്ഥാനത്ത് സ്വർണവിലയിൽ വൻ ഇടിവ് രേഖപ്പെടുത്തി. പവന് 1840 രൂപ കുറഞ്ഞ് 1,10,120 രൂപയിലെത്തി. ഗ്രാമിന് 230 രൂപ കുറഞ്ഞ് 13,765 രൂപയായി. ഈ മാസത്തെ ഏറ്റവും കുറഞ്ഞ നിരക്കിലേക്കാണ് സ്വർണവില ഇടിഞ്ഞത്. ഇന്നലെ പവന് 1,11,960 രൂപയായിരുന്നു.പശ്ചിമേഷ്യയിലെ സംഘർഷം രൂക്ഷമായി തുടരുന്നതിനാൽ എണ്ണവില കുത്തനെ ഉയർന്നതാണ് സ്വർണവില ഇടിയാൻ കാരണമായത്.

സ്ഥാപിതം
1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com വാല്യം: 62 ലക്കം: 170 2026 സെപ്തംബർ 28 തിങ്കൾ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

മുട്ടിൽ മരംമുറി കേസിൽ ദുരൂഹമായ സാഹചര്യങ്ങളുണ്ട്; എല്ലാത്തിലും അന്വേഷണം ഉണ്ടാകും: മന്ത്രി ഷിബു

തിരു : മുട്ടിൽ മരംമുറി കേസിൽ ഇനിയും ഏറെ കാര്യങ്ങൾ പുറത്തുവരാനുണ്ടെന്ന് വനം മന്ത്രി ഷിബു ബേബി ജോൺ. മരം മുറിക്കായി അന്നത്തെ റവന്യൂ സെക്രട്ടറി ജയതിലക് ഉത്തരവിറക്കിയത് എങ്ങനെയെന്നതിൽ അന്വേഷണം വേണമെന്നും മന്ത്രി വ്യക്തമാക്കി. കേസിലെ പ്രതികൾ ഗൂഢാലോചന നടത്തിയതിന് സാക്ഷിയാണെന്ന ഒരു മാധ്യമപ്രവർത്തകന്റെ വെളിപ്പെടുത്തലടക്കം അന്വേഷിക്കണമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

'മുട്ടിൽ മരംമുറി കേസുമായി ബന്ധപ്പെട്ട് ഒരുപാട് ദുരൂഹമായ സാഹചര്യങ്ങൾ അന്വേഷിക്കേണ്ടതുണ്ട്. എനിക്ക് ഇന്ന് ഇതുസംബന്ധിച്ച് മെയിലിൽ ഒരു പരാതി വന്നു. അതിൽ ഗുരുതരമായ കാര്യങ്ങളാണ് പറയുന്നത്. ഏതാനും ദിവസങ്ങൾക്ക് മുൻപ് ഒരു മാധ്യമപ്രവർത്തകൻ മുട്ടിൽ മരംമുറി കേസിലെ പ്രതികൾ ഗൂഢാലോചന നടത്തിയതിന് സാക്ഷിയാണെന്ന് പറഞ്ഞിരുന്നു. അതിൽ അന്വേഷണം വേണം.

ഏത് സാഹചര്യത്തിലാണ് ജയതിലക് മരം മുറിക്കാൻ ഉത്തരവിറക്കിയതെന്ന് പരിശോധിക്കണം. ആഭ്യന്തരമന്ത്രിയോട് ഇക്കാര്യം ആവശ്യപ്പെട്ടിട്ടുണ്ട്. മുഖ്യമന്ത്രിയോടും സംസാരിച്ചു. കേസുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അന്വേഷണം നടത്തും. അന്ന് സമർപ്പിച്ച കുറ്റപത്രത്തിൽ വീഴ്ച സംഭവിച്ചത് ബോധപൂർവമാണോയെന്ന് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. 108 ഈട്ടി മരമാണ് പ്രതികളിൽ നിന്ന് പിടികൂടിയത്. 41 കേസുകൾ മുട്ടിൽ മരംമുറി പ്രതികളുമായി ബന്ധപ്പെട്ട് ഉണ്ട്. വിചിത്രമായ ഉത്തരവിലേക്ക് ജയതിലക് എങ്ങനെ എത്തിയെന്നാണ് ഇനി കണ്ടുപിടിക്കേണ്ടത്'– മന്ത്രി വ്യക്തമാക്കി.

കുംഭമേളക്കായി നൂറ്റാണ്ടിലധികം പഴക്കമുള്ള ഷാഹി മസ്ജിദിന്റെ ഒരുഭാഗം പൊളിച്ചുനീക്കുന്നു

ഉജ്ജയിനിൽ സംഘർഷം

ഇൻഡോർ: പ്രദേശവാസികളുടെ പ്രതിഷേധം വകവെക്കാതെ ഉജ്ജയിനിലെ ചരിത്രപ്രസിദ്ധവും നൂറ്റാണ്ടിലധികം പഴക്കമുള്ളതുമായ ഷാഹി മസ്ജിദിൻറെ ഒരു ഭാഗം പൊളിച്ചുനീക്കുന്നതിൽ സംഘർഷം.

വൻ പൊലീസ് സാന്നിധ്യത്തിലാണ് ഭരണകൂടം മസ്ജിദിൻറെ ഒരുഭാഗം പൊളിച്ചുനീക്കുന്നത്. പ്രതിഷേധക്കാർക്കു നേരെ പൊലീസ് ബലംപ്രയോഗിച്ചതാണ് സംഘർഷത്തിനു കാരണമായത്. പൊലീസിനു നേരെ കല്ലേറുണ്ടായി. തിങ്കളാഴ്ച രാവിലെ മസ്ജിദിൻറെ ഒരു ഭാഗം പൊളിച്ചുനീക്കാനുള്ള ഉജ്ജയിൻ മുനിസിപ്പൽ കോർപറേഷൻറെ നീക്കം പ്രദേശവാസികൾ തടഞ്ഞു. ഇതോടെ പൊലീസ് ലാത്തിവീശുകയും കണ്ണീർവാതകം പ്രയോഗിക്കുകയും ചെയ്തു. പൊലീസിനു നേരെ കല്ലേറുണ്ടായി. രണ്ട് ദിവസമായി പ്രദേശത്ത് സംഘർഷാവസ്ഥ നിലനിൽക്കുന്നുണ്ട്.

2028ൽ നടക്കുന്ന സിംഹസ്ത കുംഭമേളക്കു മുന്നോടിയായാണ് കാന്താൾ ചൗരഹക്കും ഗോപാൽ മന്ദിറിനും ഇടയിലുള്ള 900 മീറ്റർ റോഡ് 15 മീറ്ററായി വീതികൂട്ടുന്നത്. ഇതിനായാണ് മസ്ജിദിൻറെ ഒരു ഭാഗം പൊളിക്കുന്നത്. മസ്ജിദ് വഖഫ് സ്വത്താണെന്നും മറ്റൊരു ഭാഗത്തുകൂടി റോഡ് വികസിപ്പിക്കണമെന്നും ആവശ്യപ്പെട്ട് പള്ളി കമ്മിറ്റിയും പ്രദേശവാസികളും ഹൈകോടതിയുടെ ഇൻഡോർ ബെഞ്ചിനെ സമീപിച്ചെങ്കിലും ഹരജി തള്ളിയിരുന്നു. 2,000ഓളം സുരക്ഷ ഉദ്യോഗസ്ഥരെയാണ് പ്രദേശത്ത് വിന്യസിച്ചിരിക്കുന്നത്. പള്ളിക്ക് ചുറ്റും ബാരിക്കേഡുകൾ സ്ഥാപിച്ച് 500 മീറ്റർ ചുറ്റളവിൽ ഗതാഗത നിയന്ത്രണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ സുരക്ഷ കൂട്ടണം

പൊതുപരിപാടികളിൽ മുഖ്യമന്ത്രിക്ക് ചുറ്റും മാധ്യമപ്രവർത്തകർ ഉൾപ്പെടെയുള്ളവർ തിക്കുംതിരക്കും ഉണ്ടാക്കുന്നത് സുരക്ഷാ ഭീഷണിയാകുന്നുവെന്നും ഇത് ഗുരുതര സുരക്ഷാവീഴ്ചയാണെന്നും കത്തിൽ ചൂണ്ടിക്കാട്ടുന്നു

മുഖ്യമന്ത്രിയുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി പൊതുപരിപാടികളിൽ തിരക്ക് നിയന്ത്രിക്കാനും പൊലീസ് വിന്യാസം വർധിപ്പിക്കാനും നിർദേശം നൽകിയിട്ടുണ്ട്. അനിഷ്ടസംഭവങ്ങൾ ഒഴിവാക്കാൻ മഫ്തിയിലടക്കം കൂടുതൽ പൊലീസുകാരെ നിയോഗിക്കണമെന്ന് ഇന്റലിജൻസ് എഡിജിപി ജില്ലാ പൊലീസ് മേധാവിമാർക്ക് നിർദേശം നൽകി.അടുത്തിടെ ഇടുക്കിയിൽ പരിപാടിയിൽ പങ്കെടുത്ത ശേഷം മുഖ്യമന്ത്രി പുറത്തിറങ്ങുന്നതിനിടെ തിക്കുംതിരക്കും ഉണ്ടായപ്പോൾ മാധ്യമപ്രവർത്തകരെ മാറ്റിനിർത്താൻ മുഖ്യമന്ത്രി പൊലീസിനോട് ആവശ്യപ്പെട്ടിരുന്നു.

അംഗങ്ങളിൽ പലർക്കും യോഗ്യതയില്ല,നിലവിലെ വഖഫ് ബോർഡ് പിരിച്ചുവിടാൻ സർക്കാർ

കൊച്ചി: നിലവിലുള്ള വഖഫ് ബോർഡിനെ സർക്കാർ പിരിച്ചുവിടും. അംഗങ്ങളിൽ പലർക്കും ചട്ടപ്രകാരമുള്ള യോഗ്യതയില്ലെന്ന് കണ്ടതിനാലും ബോർഡിൽ മതിയായ പ്രാതിനിധ്യം ഇല്ലെന്ന് വിലയിരുത്തിയതിനെ തുടർന്നുമാണ് നടപടി. ബോർഡ് പിരിച്ചുവിട്ടുള്ള വിജ്ഞാപനം ഉടൻ പുറത്തിറങ്ങിയേക്കും. നാലര വർഷത്തോളം കാലാവധി ബാക്കി നിൽക്കെയാണ് ബോർഡ് പിരിച്ചുവിടുന്നത്.

കഴിഞ്ഞ മാർച്ചിലാണ് അഞ്ച് വർഷം കാലാവധിയുള്ള കെ എസ് ഹംസ ചെയർമാനായ വഖഫ് ബോർഡ് നിലവിൽ വന്നത്. 11 അംഗ ബോർഡിൽ ആകെ ഒൻപത് പേർ മാത്രമാണുണ്ടായിരുന്നത്. സുപ്രീം കോടതി ഉത്തരവുകളും വഖഫ് നിയമഭേദഗതിയും അനുസരിച്ചാകും പുനഃസംഘടന നടത്തുക.

സംസ്ഥാന വഖഫ് ബോർഡിന്റെ പ്രവർത്തനത്തിന് ഹൈക്കോടതി നേരത്തെ താത്കാലിക നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു. കോടതിയുടെ അനുമതിയില്ലാതെ നയപരവും സുപ്രധാനവുമായ തീരുമാനങ്ങളെടുക്കരുത്, മൂലധന ചെലവുകളുണ്ടാക്കരുത്, വഖഫ് കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ജോയിന്റ് സെക്രട്ടറിയുടെ മേൽനോട്ടത്തിലായിരിക്കണം പ്രവർത്തനം എന്നിങ്ങനെ ചീഫ് ജസ്റ്റിസ് സൗമെൻ സെൻ, ജസ്റ്റിസ് വി.എം. ശ്യാംകുമാർ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ച് ഉത്തരവിട്ടിരുന്നു.

പുതിയ നിയമപ്രകാരം കേരള വഖഫ് ബോർഡിൽ മുസ്ലിങ്ങളല്ലാത്ത രണ്ട് അംഗങ്ങളെയും ഷിയ അംഗത്തെയും ഉൾപ്പെടുത്താത്തതിനെ ചോദ്യം ചെയ്ത് ബി.ജെ.പി സംസ്ഥാന വൈസ് പ്രസിഡന്റ് ഷോൺ ജോർജും അസംബ്ലി ഒഫ് ക്രിസ്ത്യൻ ട്രസ്റ്റ് സർവീസസും (ആക്ട്സ്) ഫയൽചെയ്ത ഹർജികളാണ് പരിഗണിച്ചത്.

2025ലെ നിയമഭേദഗതി പ്രകാരം, മുസ്ലിം അല്ലാത്ത രണ്ട് അംഗങ്ങൾ വഖഫ് ബോർഡിൽ വേണം. രണ്ട് അംഗങ്ങളുടെ തസ്തിക ഒഴിച്ചിട്ട് ബോർഡ് പുനഃസംഘടിപ്പിച്ചത് റദ്ദാക്കണമെന്നും ആവശ്യപ്പെട്ടു.

മരിച്ച കസ്റ്റമറുടെ അക്കൗണ്ടിൽ നിന്ന് ലക്ഷങ്ങൾ തട്ടിയെടുത്തു; എസ്ബിഐ മുൻ മാനേജർക്ക് ജയിൽ ശിക്ഷ

മൈസൂരു: മരണപ്പെട്ട കസ്റ്റമറുടെ അക്കൗണ്ടിൽ നിന്ന് ലക്ഷങ്ങൾ തട്ടിയെടുത്ത എസ്ബിഐ മുൻ ചീഫ് മാനേജർക്ക് ജയിൽ ശിക്ഷ. 2005ൽ മരണപ്പെട്ട കസ്റ്റമറുടെ അക്കൗണ്ടിൽ നിന്ന് 40.53 ലക്ഷം രൂപ തട്ടിയെടുത്തതായി കണ്ടെത്തിയതിനെത്തുടർന്ന് മൈസൂരു കോടതിയാണ് ശിക്ഷ വിധിച്ചത്. ആഭ്യന്തര ബാങ്ക് അക്കൗണ്ടിൽ നിന്ന് ഇയാൾ 21.04 ലക്ഷം രൂപ തട്ടിയെടുത്തതായും കണ്ടെത്തി. ഒരു വർഷം കഠിന തടവും 50,000 രൂപ പിഴയുമാണ് കോടതി വിധിച്ചത്.

മൈസൂരുവിലെ ചാമുണ്ഡിപുരം എസ്ബിഐ ശാഖയിലെ മുൻ ചീഫ് മാനേജറായ അനിരുദ്ധ വസന്ത്റാവു കുൽക്കർണിക്കാണ് ശിക്ഷ ലഭിച്ചത്. 2009 മേയ് 13നും 2011 ഡിസംബർ 23നും ഇടയിലായിരുന്നു ഇയാൾ തട്ടിപ്പ് നടത്തിയത്. 2005ൽ മരണപ്പെട്ട കൃഷ്ണ അയ്യറുടെ അക്കൗണ്ടിൽ നിന്നാണ് ഇയാൾ 40 ലക്ഷത്തിലധികം രൂപ തട്ടിയെടുത്തത്. കുൽക്കർണിയുടെയും മകന്റെയും അക്കൗണ്ടുകളിലേക്കാണ് തട്ടിയെടുത്ത തുക മാറ്റിയത്. പിന്നീടിത് ബാങ്കിൽ നിന്ന് പിൻവലിച്ചതായും കണ്ടെത്തി.

ബാങ്കിൽ നടന്ന ആഭ്യന്തര അന്വേഷണത്തിനിടെയാണ് തട്ടിപ്പ് വിവരം പുറത്തുവന്നത്. കുറ്റം സമ്മതിച്ച കുൽക്കർണി 62 ലക്ഷം രൂപ ബാങ്കിൽ തിരികെ അടച്ചു. സംഭവത്തിൽ മൈസൂരു പൊലീസ് രജിസ്റ്റർ ചെയ്ത കേസിലാണ് കുൽക്കർണിക്ക് ശിക്ഷ ലഭിച്ചത്. പിഴത്തുകയിൽ 40,000 രൂപ ബാങ്കിന് നഷ്ടപരിഹാരം നൽകണമെന്നും കോടതി വിധിച്ചു.

നെതന്യാഹു രഹസ്യമായി യു.എ.ഇ സന്ദർശനം നടത്തിയെന്ന് റിപ്പോർട്ട്

അബുദാബി: ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു യു.എ.ഇയിൽ രഹസ്യ സന്ദർശനം നടത്തുകയും യു.എ.ഇ പ്രസിഡന്റ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനുമായി അബുദാബിയിൽ കൂടിക്കാഴ്ച നടത്തുകയും ചെയ്തതായി റിപ്പോർട്ട്. സ്വകാര്യ വിമാനത്തിൽ അബുദാബിയിലെത്തിയ നെതന്യാഹു 4മണിക്കൂറോളം അവിടെ ചെലവഴിച്ചതായി റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. എന്നാൽ ഈ കൂടിക്കാഴ്ചയെക്കുറിച്ച് പ്രതികരിക്കാൻ ഇസ്രയേൽ പ്രധാനമന്ത്രിയുടെ ഓഫീസോ യു.എ.ഇ വിദേശകാര്യ മന്ത്രാലയമോ തയ്യാറായിട്ടില്ല.

ഇതിനുമുമ്പും ഇരുവരും തമ്മിൽ രഹസ്യ കൂടിക്കാഴ്ചകൾ നടത്തിയിരുന്നതായി വിവരങ്ങളുണ്ട്. കഴിഞ്ഞ മാർച്ച് 26ന് ഒമാൻ അതിർത്തിയിലുള്ള അൽ–ഐൻ നഗരത്തിൽ നെതന്യാഹുവും യു.എ.ഇ പ്രസിഡന്റും കൂടിക്കാഴ്ച നടത്തിയിരുന്നു. എന്നാൽ, തന്റെ രാഷ്ട്രീയ എതിരാളിയായ നഫ്താലി ബെന്നറ്റ് യു.എ.ഇ സന്ദർശിക്കുന്നതിന് തൊട്ടുമുമ്പ് നെതന്യാഹു ഈ വിവരങ്ങൾ പരസ്യപ്പെടുത്തിയത് അന്ന് ഇരുരാജ്യങ്ങളും തമ്മിൽ നയതന്ത്ര തർക്കങ്ങൾക്ക് ഇടയാക്കിയിരുന്നു.

2023 ഒക്ടോബർ 7ലെ ഹമാസ് ആക്രമണത്തിന് തൊട്ടുമുമ്പ് യു.എ.ഇ പ്രസിഡന്റ് നെതന്യാഹുവിന് നൽകിയ മുന്നറിയിപ്പുമായി ബന്ധപ്പെട്ട വിവാദങ്ങൾ ഇസ്രയേലിൽ പുകയുന്നതിനിടയിലാണ് ഈ നിർണായക സന്ദർശനം നടന്നത്. ഹമാസ് വലിയൊരു ആക്രമണത്തിന് പദ്ധതിയിടുന്നുണ്ടെന്ന് ആക്രമണത്തിന് ഒന്നര ആഴ്ച മുമ്പ് യു.എ.ഇ നേതാവ് നെതന്യാഹുവിന് മുന്നറിയിപ്പ് നൽകിയിരുന്നതായും എന്നാൽ ഈ വിവരം ഇസ്രയേലി ഇന്റലിജൻസ് ഏജൻസികൾക്കോ സൈന്യത്തിനോ കൈമാറിയിരുന്നില്ലെന്നും ഇസ്രയേലി പത്രമായ 'ഹാറെറ്റ്സ്' റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ ഈ ആരോപണങ്ങൾ പൂർണ്ണമായും തള്ളിക്കളഞ്ഞ നെതന്യാഹു, പത്രത്തിനെതിരെ നിയമനടപടി സ്വീകരിക്കുമെന്ന് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. വരാനിരിക്കുന്ന ഇസ്രയേൽ തിരഞ്ഞെടുപ്പിൽ കടുത്ത മത്സരവും പ്രതിപക്ഷ ആരോപണങ്ങളും നേരിടുന്ന നെതന്യാഹുവിന് ഒക്ടോബർ 7–ലെ സുരക്ഷാ വീഴ്ചകളുടെ പൂർണ്ണ ഉത്തരവാദിത്തമുണ്ടെന്ന് രാഷ്ട്രീയ എതിരാളികൾ കുറ്റപ്പെടുത്തുന്നു.

2020–ലെ അബ്രഹാം ഉടമ്പടി വഴി നയതന്ത്ര ബന്ധം സ്ഥാപിച്ചതിനുശേഷം ഇസ്രയേലും യു.എ.ഇയും തുറന്ന ആശയവിനിമയം നിലനിർത്തുന്നുണ്ട്. ഇറാന്റെ ആക്രമണത്തിന് ശേഷമുള്ള സാഹചര്യത്തിൽ യു.എസ്, ഇസ്രയേൽ എന്നിവരുമായുള്ള ബന്ധം കൂടുതൽ ശക്തമാക്കാൻ യു.എ.ഇ ശ്രമിച്ചിട്ടുണ്ട്. ഇസ്രയേലുമായുള്ള ബന്ധം പ്രാദേശിക തലത്തിൽ സ്വാധീനം ഉറപ്പിക്കാനും അമേരിക്കയുമായി ആശയവിനിമയം നടത്താനും അബുദാബിക്ക് വലിയ സഹായമാകുന്നുണ്ട്.

ലവ്‌ലി സർവകലാശാലയിലെ പ്രതിഷേധത്തിന്റെ മറവിൽ ക്യാമ്പസ് മാളിൽ വൻകൊള്ള

ചണ്ഡീഗഢ്: പഞ്ചാബ് ജലന്ധറിലെ ലവ്‌ലി പ്രൊഫഷണൽ സർവകലാശാലയിലെ പ്രതിഷേധങ്ങൾക്കിടെ ക്യാമ്പസിനുള്ളിലെ മാളിൽ വൻകൊള്ള. മാളിൽ കയറി സാധനങ്ങൾ കൊള്ളയടിക്കുന്നതിന്റെ വീഡിയോകൾ പുറത്തുവന്നു. സർവകലാശാലയുടെ യൂണിമാളിലെ കടകളിലാണ് മോഷണം നടന്നത്. ഭക്ഷണസാധനങ്ങളും ഗാഡ്ജെറ്റുകളും മറ്റ് വിലപിടിപ്പുള്ള വസ്തുക്കളും ചിലർ എടുത്തുകൊണ്ടുപോകുന്നത് വീഡിയോയിൽ കാണാം. വിദ്യാർത്ഥികളാണ് വീഡിയോയിലുള്ളതെന്ന് ആരോപണമുണ്ടെങ്കിലും ഇക്കാര്യം സ്ഥിരീകരിച്ചിട്ടില്ല.

ഒരു വീഡിയോയിൽ ഫ്രീ ഷോപ്പിംഗ് കഴിഞ്ഞുവെന്ന് ഒരാൾ പറയുന്നതും മറ്റൊരു വീഡിയോയിൽ നിങ്ങൾക്ക് എന്താണ് വേണ്ടത്, അതെല്ലാം സൗജന്യമായി എത്തിച്ചുതരാമെന്ന് മാളിലെ സാധനങ്ങൾ ചൂണ്ടിക്കാട്ടി ഒരാൾ പറയുന്നതും കാണാം. മാളിനുള്ളിലിരുന്ന് വിദ്യാർത്ഥികൾ ഭക്ഷണം കഴിക്കുന്നതും തുടർന്ന് കടകളും എടിഎം കൗണ്ടറുകളും ഉൾപ്പെടെയുള്ളവ തല്ലിതകർക്കുന്നതുമായ വീഡിയോകളും സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്നുണ്ട്.

അതിനിടെ പീഡനവിവരത്തെക്കുറിച്ച് വിശദീകരിക്കാൻ സർവകലാശാല രജിസ്ട്രാർ പുറത്തിറക്കിയ വീഡിയോ വിവാദമായി. പീഡനം നടന്നെന്ന് ആരോപിക്കുന്ന ഹോസ്റ്റലിൽ സാമസിക്കുന്ന വിദ്യാർത്ഥിനികളാണ് വീഡിയോയിലുള്ളത്. ഹോസ്റ്റലിൽ ഇങ്ങനെയൊരു സംഭവം നടന്നിട്ടില്ലെന്നാണ് വിദ്യാർത്ഥിനികൾ വീഡിയോയിൽ പറഞ്ഞത്. എന്നാൽ നിർബന്ധിച്ചാണ് തങ്ങളെകൊണ്ട് വീഡിയോ ചിത്രീകരിച്ചതെന്ന് ആരോപിച്ച് പിന്നീട് വിദ്യാർത്ഥിനികൾ രംഗത്തെത്തുകയായിരുന്നു. ഇതോടെ രജിസ്ട്രാർക്കെതിരെയും വ്യാപക വിമർശനമാണ് ഉയരുന്നത്.

നാല് ദിവസം മുൻപ് സർവകലാശാല ഹോസ്റ്റലിൽ പ്ലംബിംഗ് ജോലിക്കെത്തിയയാൾ ഒരു വിദ്യാർത്ഥിനിയെ പീഡിപ്പിച്ചുവെന്ന ആരോപണത്തിന് പിന്നാലെയാണ് സർവകലാശാലക്കെതിരെ പ്രതിഷേധവുമായി വിദ്യാർത്ഥികൾ രംഗത്തെത്തിയത്. സർവകലാശാലയിലും സമീപത്തെ ദേശീയപാതയിലും സംഘർഷം രൂക്ഷമായിരിക്കുകയാണ്. ഇന്നലെ രാത്രി ഭഗ്‌വാര-ജലന്ധർ ദേശീയപാതയിൽ പൊലീസും വിദ്യാർത്ഥികളും ഏറ്റുമുട്ടിയിരുന്നു. പൊലീസ് ജീപ്പുകൾ അഗ്നിക്കിരയാക്കി. നിരവധി പേർക്ക് പരിക്കേറ്റു. പിന്നാലെ വിദ്യാർത്ഥികളെ കസ്റ്റഡിയിലെടുത്തു. സ്ഥലത്ത് സംഘർഷാവസ്ഥ തുടരുകയാണ്.

ക്യാമ്പസിലെ പല കെട്ടിടങ്ങൾക്കും വാഹനങ്ങൾക്കും വിദ്യാർത്ഥികൾ തീവച്ചു. ക്യാമ്പസിൽ പ്രദർശനത്തിനായി വച്ചിരുന്ന വ്യോമസേനയുടെ മിഗ് 23 യുദ്ധവിമാനത്തിന്റെ മാതൃകയിൽ കയറിനിന്ന് വിദ്യാർത്ഥി പ്രതിഷേധിച്ചു. സംഭവത്തിൽ അന്വേഷണം ആരംഭിച്ച പൊലീസ് പീഡനം നടന്നുവെന്നത് അഭ്യൂഹങ്ങൾ മാത്രമാണെന്ന നിഗമനത്തിലാണ്. 15 ദിവസം മുൻപ് മറ്റൊരു വിദ്യാർത്ഥി ആത്മഹത്യ ചെയ്തെന്ന ആരോപണവും അന്വേഷിക്കുമെന്ന് പൊലീസ് അറിയിച്ചു. നിലവിൽ ക്യാമ്പസിൽ വൻ പൊലീസ് സന്നാഹത്തെ വിന്യസിച്ചിട്ടുണ്ട്. ആംആദ്മി പാർട്ടിയിൽ നിന്ന് ബി.ജെ.പിയിലേക്ക് കൂറുമാറിയ രാജ്യസഭാ എംപി അശോക് മിത്തലിന്റെ സ്ഥാപനമാണിത്.

സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ പ്രത്യേക അന്വേഷണ സംഘത്തെ രൂപീകരിച്ചിട്ടുണ്ട്. കാമ്പസിനെ സിസിടിവി ദൃശ്യങ്ങളും ആരോപണവിധേയന്റെയും പരാതിക്കാരിയുടേയും മറ്റ് അദ്ധ്യാപകരുടെയും ഫോൺ രേഖകളും പൊലീസ് പരിശോധിച്ചുവരികയാണ്.

നിലവിലെ സംഘർഷം രൂക്ഷമായ സാഹചര്യത്തിൽ ഇന്നുമുതൽ 10 ദിവസത്തേയ്ക്ക് ലവ്‌ലി പ്രൊഫഷണൽ സർവകലാശാലയിലെ ക്ലാസുകൾ താൽക്കാലികമായി നിർത്തിവച്ചതായും മിഡ്–ടേം പരീക്ഷകൾ മാറ്റിവച്ചതായും സർവകലാശാല അധികൃതർ അറിയിച്ചു.

ബോയിംഗ് വിമാനത്തിൽ ഗുരുതര തകരാർ; 96 ഇന്ത്യൻ സർവീസുകളെ ബാധിക്കുമെന്ന് കണ്ടെത്തൽ

ന്യൂഡൽഹി: ചില 737 മാക്സ് ബോയിംഗ് വിമാനങ്ങളിൽ സോഫ്റ്റ്‌വെയർ തകരാർ കണ്ടെത്തിയതായി റിപ്പോർട്ട്. വിമാന നിർമാണ കമ്പനിയായ ബോയിംഗ് തന്നെയാണ് ഇക്കാര്യമറിയിച്ചത്. ലാൻഡിംഗിനിടെ പ്രത്യേക സാഹചര്യങ്ങളിൽ ഓട്ടോമേറ്റഡ് ഫ്ളൈറ്റ് ഗൈഡൻസ് സംവിധാനം പ്രവർത്തനരഹിതമാകാനുള്ള സാദ്ധ്യതയാണ് ബോയിംഗ് കണ്ടെത്തിയത്. ഇന്ത്യൻ വിമാനക്കമ്പനികൾ ഉപയോഗിക്കുന്ന 96 വിമാനങ്ങളെ ഇത് ബാധിച്ചേക്കാനിടയുണ്ടെന്നും റിപ്പോർട്ടുണ്ട്.

തകരാറിനെക്കുറിച്ച് എല്ലാ 737 ഓപ്പറേറ്റർമാർക്കും വിവരം നൽകിയതായും പരിഹരിക്കുന്നതിനായി സോഫ്ട്‌വെയർ അപ്ഡേറ്റ് നടത്തുകയാണെന്നും ബോയിംഗ് വക്താവ് അറിയിച്ചു. എയർ ഇന്ത്യ എക്സ്പ്രസിന്റെ പക്കൽ 53 ബോയിംഗ് വിമാനങ്ങളും അകാശ എയറിന്റെ പക്കൽ 43 എണ്ണവുമാണുള്ളത്. തകരാറുമായി ബന്ധപ്പെട്ട് ബോയിംഗുമായി സഹകരിച്ച് പ്രവർത്തിക്കുകയാണെന്ന് ആകാശ അറിയിച്ചു. എന്നാൽ എയർ ഇന്ത്യ എക്സ്പ്രസ് ഇക്കാര്യത്തിൽ ഇതുവരെ പ്രതികരിച്ചിട്ടില്ല. ഡയറക്ടറേറ്റ് ജനറൽ ഒഫ് സിവിൽ ഏവിയേഷനും (ഡിജിസിഎ) പ്രതികരണം നടത്തിയിട്ടില്ല.

കോക്ക്പിറ്റ് സോഫ്റ്റ്‌വെയർ അപ്ഡേറ്റിലാണ് തകരാർ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. വിമാന പാതയിൽ മാറ്റം വരുമ്പോഴാണ് തകരാർ പ്രതിഫലിക്കാൻ സാദ്ധ്യത. നേരത്തെ നിശ്ചയിച്ചിരുന്ന പാതയിൽ നിന്ന് വ്യത്യസ്തമായി ലാൻഡിംഗിനായി പുതിയ പാത തിരഞ്ഞെടുക്കുന്ന സമയത്ത് ഓട്ടോമേറ്റഡ് ഫ്ളൈറ്റ് ഗൈഡൻസ് സിസ്റ്റം പ്രവർത്തനരഹിതമായേക്കാമെന്നാണ് ബോയിംഗ് കണ്ടെത്തിയത്. എന്നാൽ തകരാർ മൂലം പൈലറ്റിന് വിമാനം പറത്താൻ കഴിയാത്ത സാഹചര്യമില്ലെന്നും ബോയിംഗ് വ്യക്തമാക്കി. ഓപ്പറേറ്റർമാർ സംവിധാനം റീസെറ്റ് ചെയ്യണമെന്നും ബോയിംഗ് നിർദേശിക്കുന്നു.

മറ്റത്തൂരിൽ വീണ്ടും പുലിയിറങ്ങി

തൃശ്ശൂർ: മറ്റത്തൂർ മാങ്കുറ്റിപ്പാടത്ത് വീണ്ടും പുലിയിറങ്ങി. ഇന്നു പുലർച്ചെ ടാപ്പിംഗിനെത്തിയ തൊഴിലാളികളാണ് രണ്ട് പുലികളെ കണ്ടത്.

കോടതി പരസ്യം

ബഹു. ചിട്ടി രജിസ്ട്രാർ/ ചിട്ടി ആർബിട്രേറ്റർ
ഉത്തരമദ്ധ്യ മേഖല തൃശ്ശൂർ മുമ്പാകെ

ആർബിട്രേഷൻ ഹർജി നമ്പർ. 288/2024

ചേരമാൻ കുറീസ് പ്രൈവറ് ലിമിറ്റഡ്
–ഹർജിക്കാരൻ

1. മുകുന്ദപുരം താലൂക്ക്, മാടായിക്കോണം വില്ലേജ്, ടി ദേശത്ത്, തെരുവിൽ കരുണാകരൻ മകൻ ബിനോയ്,
2. ടി വില്ലേജ്, ടി ദേശത്ത്, തെരുവിൽ ബിനോയ് ഭാര്യ സുഷി ബിനോയ്.
3. കൊടുങ്ങല്ലൂർ താലൂക്ക്, കൊറ്റനെല്ലൂർ വില്ലേജ്, വെളയനാട് ദേശം, കൈതവളപ്പിൽ രാഘവൻ മകൻ സജീവൻ.
4. മുകുന്ദപുരം താലൂക്ക്, മാടായിക്കോണം വില്ലേജ്, ടി ദേശത്ത്, ചെമ്പാറ കുട്ടൻ മകൻ ഗോപാലകൃഷ്ണൻ.

–എതൃകക്ഷികൾ

കുറിക്കരാർ പ്രകാരം വരേണ്ട സംഖ്യകൾക്കായി ബോധിപ്പിച്ച മേൽനമ്പറിൽ എതൃകക്ഷികൾക്കുള്ള സമൻസ് കോടതിയിലും, വാസസ്ഥലത്തും പതിച്ചു നടത്താൻ കൽപ്പിച്ചു കേസ് **29–09–2026** തിയ്യതിക്ക് വച്ചിരിക്കുന്നു. അന്നേ ദിവസം രാവിലെ 11 മണിക്ക് ടി പ്രതി കോടതിയിൽ ഹാജരില്ലാത്ത പക്ഷം പ്രതിയെ കൂടാതെ തീർപ്പു കൽപ്പിക്കുന്നതാണെന്നു അറിയിക്കുന്നു

എന്ന് 20–09–2026
വാദി ഭാഗം അഡ്വക്കേറ്റ്
എം.ജി. സതീഷ് പ്രഭു (ഒപ്പ്)

കോടതി പരസ്യം

ബഹു. ചിട്ടി രജിസ്ട്രാർ/ ചിട്ടി ആർബിട്രേറ്റർ
ഉത്തരമദ്ധ്യ മേഖല തൃശ്ശൂർ മുമ്പാകെ

ആർബിട്രേഷൻ ഹർജി നമ്പർ. 286/2024

ചേരമാൻ കുറീസ് പ്രൈവറ് ലിമിറ്റഡ്
–ഹർജിക്കാരൻ

1. മുകുന്ദപുരം താലൂക്ക്, മാടായിക്കോണം വില്ലേജ്, ടി ദേശത്ത്, തെരുവിൽ കരുണാകരൻ മകൻ ബിനോയ്,
2. ടി വില്ലേജ്, ടി ദേശത്ത്, തെരുവിൽ ബിനോയ് ഭാര്യ സുഷി ബിനോയ്.
3. കൊടുങ്ങല്ലൂർ താലൂക്ക്, കൊറ്റനെല്ലൂർ വില്ലേജ്, വെളയനാട് ദേശം, കൈതവളപ്പിൽ രാഘവൻ മകൻ സജീവൻ.
4. മുകുന്ദപുരം താലൂക്ക്, മാടായിക്കോണം വില്ലേജ്, ടി ദേശത്ത്, ചെമ്പാറ കുട്ടൻ മകൻ ഗോപാലകൃഷ്ണൻ.

–എതൃകക്ഷികൾ

കുറിക്കരാർ പ്രകാരം വരേണ്ട സംഖ്യകൾക്കായി ബോധിപ്പിച്ച മേൽനമ്പറിൽ എതൃകക്ഷികൾക്കുള്ള സമൻസ് കോടതിയിലും, വാസസ്ഥലത്തും പതിച്ചു നടത്താൻ കൽപ്പിച്ചു കേസ് **29–09–2026** തിയ്യതിക്ക് വച്ചിരിക്കുന്നു. അന്നേ ദിവസം രാവിലെ 11 മണിക്ക് ടി പ്രതി കോടതിയിൽ ഹാജരില്ലാത്ത പക്ഷം പ്രതിയെ കൂടാതെ തീർപ്പു കൽപ്പിക്കുന്നതാണെന്നു അറിയിക്കുന്നു

എന്ന് 20–09–2026
വാദി ഭാഗം അഡ്വക്കേറ്റ്
എം.ജി. സതീഷ് പ്രഭു (ഒപ്പ്)

കോടതി പരസ്യം

ബഹു.തൃശ്ശൂർ ചിട്ടി രജിസ്ട്രാർ/
ആർബിട്രേറ്റർ മുമ്പാകെ

Dispute No: **1341/2025**

പുത്തൂർക്കാവ് കുറീസ് (പുത്തൂർ പെന്റാ ചിറ്റ്സ്) പ്രൈവറ്റ് ലിമിറ്റഡ് പുത്തൂർ
–പരാതികക്ഷി

1) തൃശ്ശൂർ താലൂക്ക് പുല്ലഴി വില്ലേജ് അയ്യന്തോൾ ദേശത്ത് അന്നയ്ക്കരപ്പറ്റി മഹാരാജൻ മകൻ ആനന്ദ് എം
2) തൃശ്ശൂർ താലൂക്ക് പുല്ലഴി വില്ലേജ് അയ്യന്തോൾ ദേശത്ത് അന്നയ്ക്കരപ്പറ്റി ആനന്ദ് ഭാര്യ ഇലാക്കിയ എ
–1, 2 എതൃകക്ഷികൾ

മേൽ നമ്പർ ഹരജിയിൽ 1, 2 എതൃകക്ഷികൾക്കുള്ള നോട്ടീസ് പത്രത്തിൽ പരസ്യം ചെയ്ത് നടത്തുവാൻ കല്പിച്ച് കേസ് **10–11–2026** തിയ്യതി വിചാരണ വെച്ചിരിക്കുന്ന വിവരം ഇതിനാൽ താങ്കളെ അറിയിച്ചുകൊള്ളുന്നു.

എന്ന്, 19–09–2026
പരാതികക്ഷിഭാഗം
അഡ്വക്കെറ്റ് :
വി. സുരേഷ്കുമാർ
(ഒപ്പ്)

കോടതി പരസ്യം

ബഹു.തൃശ്ശൂർ ചിട്ടി രജിസ്ട്രാർ/
ആർബിട്രേറ്റർ മുമ്പാകെ

Dispute No: **1345/2025**

പുത്തൂർക്കാവ് കുറീസ് (പുത്തൂർ പെന്റാ ചിറ്റ്സ്) പ്രൈവറ്റ് ലിമിറ്റഡ് പുത്തൂർ
–പരാതികക്ഷി

1) തൃശ്ശൂർ താലൂക്ക് പുത്തൂർവില്ലേജ്, പൊന്നൂക്കര ദേശത്ത് ചിറയത്ത് കോനിക്കര അന്തോണി ഭാര്യ സിസിലി
2) തൃശ്ശൂർ താലൂക്ക് പുത്തൂർ വില്ലേജ്, പൊന്നൂക്കര ദേശത്ത് ചിറയത്ത് കോനിക്കര ജോൺസൺ ഭാര്യ പ്രിയ ജോൺസൺ
–3, 4 എതൃകക്ഷികൾ

മേൽ നമ്പർ ഹരജിയിൽ 3, 4 എതൃകക്ഷികൾക്കുള്ള നോട്ടീസ് പത്രത്തിൽ പരസ്യം ചെയ്ത് നടത്തുവാൻ കല്പിച്ച് കേസ് **10–11–2026** തിയ്യതി വിചാരണ വെച്ചിരിക്കുന്ന വിവരം ഇതിനാൽ താങ്കളെ അറിയിച്ചുകൊള്ളുന്നു.

എന്ന്, 19–09–2026
പരാതികക്ഷി ഭാഗം
അഡ്വക്കെറ്റ് :
വി. സുരേഷ്കുമാർ
(ഒപ്പ്)

കോടതി പരസ്യം

ബഹു.തൃശ്ശൂർ ചിട്ടി രജിസ്ട്രാർ/
ആർബിട്രേറ്റർ മുമ്പാകെ

Dispute No: **1343/2025**

പുത്തൂർക്കാവ് കുറീസ് (പുത്തൂർ പെന്റാ ചിറ്റ്സ്) പ്രൈവറ്റ് ലിമിറ്റഡ് പുത്തൂർ
–പരാതികക്ഷി

1) തൃശ്ശൂർ താലൂക്ക് നടത്തറ വില്ലേജ് മണ്ണുത്തി ദേശത്ത് തൈവളപ്പിൽ ഗോപാലകൃഷ്ണൻ മകൻ രാജീവ്
2) തൃശ്ശൂർ താലൂക്ക് നടത്തറ വില്ലേജ് മണ്ണുത്തി ദേശത്ത് തൈവളപ്പിൽ രാജീവ് ഭാര്യ വിനീഷ രാജീവ്
3) തൃശ്ശൂർ താലൂക്ക് നടത്തറ വില്ലേജ് മണ്ണുത്തി ദേശത്ത് തൈവളപ്പിൽ ഗോപാലകൃഷ്ണൻ ഭാര്യ വേശു
–1, 2, 3 എതൃകക്ഷികൾ

മേൽ നമ്പർ ഹരജിയിൽ 1, 2, 3 എതൃകക്ഷികൾക്കുള്ള നോട്ടീസ് പത്രത്തിൽ പരസ്യം ചെയ്ത് നടത്തുവാൻ കല്പിച്ച് കേസ് **10–11–2026** തിയ്യതി വിചാരണ വെച്ചിരിക്കുന്ന വിവരം ഇതിനാൽ താങ്കളെ അറിയിച്ചുകൊള്ളുന്നു.

എന്ന്, 19–09–2026
പരാതികക്ഷിഭാഗം അഡ്വക്കെറ്റ് :
വി. സുരേഷ്കുമാർ (ഒപ്പ്)

കോടതി പരസ്യം

ബഹു.തൃശ്ശൂർ ചിട്ടി രജിസ്ട്രാർ/
ആർബിട്രേറ്റർ മുമ്പാകെ

Dispute No: **1344/2025**

പുത്തൂർക്കാവ് കുറീസ് (പുത്തൂർ പെന്റാ ചിറ്റ്സ്) പ്രൈവറ്റ് ലിമിറ്റഡ് പുത്തൂർ
–പരാതികക്ഷി

1) തൃശ്ശൂർ താലൂക്ക് പുത്തൂർ വില്ലേജ്, പൊന്നൂക്കര ദേശത്ത് മുരിയാടൻ ദിവാകരൻ ഭാര്യ പ്രമീളദേവി
2) തൃശ്ശൂർ താലൂക്ക് പുത്തൂർ വില്ലേജ്, പൊന്നൂക്കര ദേശത്ത് മുരിയാടൻ മാധവൻ മകൻ ദിവാകരൻ
3) തൃശ്ശൂർ താലൂക്ക് കൈനൂർ വില്ലേജ് തമ്പുരാട്ടിമൂല ദേശത്ത് കുടിയിരിക്കൽ ശശി മകൻ സനീഷ് കെ എസ്
4) തൃശ്ശൂർ താലൂക്ക് കൈനൂർ വില്ലേജ് തമ്പുരാട്ടിമൂല ദേശത്ത് കുടിയിരിക്കൽ സജീഷ് ഭാര്യ ഷൈജി സജീഷ്
–1, 2, 4, 5 എതൃകക്ഷികൾ

മേൽ നമ്പർ ഹരജിയിൽ 1, 2, 4, 5 എതൃകക്ഷികൾക്കുള്ള നോട്ടീസ് പത്രിത്തിൽ പരസ്യം ചെയ്ത് നടത്തുവാൻ കല്പിച്ച് കേസ് **10–11–2026** തിയ്യതി വിചാരണ വെച്ചിരിക്കുന്ന വിവരം ഇതിനാൽ താങ്കളെ അറിയിച്ചുകൊള്ളുന്നു.

എന്ന്, 19–09–2026
പരാതികക്ഷിഭാഗം അഡ്വക്കെറ്റ് :
വി. സുരേഷ്കുമാർ (ഒപ്പ്)

RNI No. 7675/1964, Edited, Printed & Published by A. Mohammed at Mangalodayam Printers Printers, Thrissur-4

സോഷ്യൽ മീഡിയ: അപകടകരമാകുന്നു: മുഖ്യമന്ത്രി വി ഡി സതീശൻ

തൃശൂർ: മാധ്യമ പ്രവർത്തനവും , പ്രവർത്തകരും പാരമ്പര്യംവിട്ട് പ്രവർത്തിക്കുന്നത് ജനാധിപത്യത്തെ അപകടപ്പെടുത്തുമെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ അഭിപ്രായപ്പെട്ടു. മുഖ്യ മന്ത്രി, മന്ത്രിമാർ, സർക്കാർ എന്നിവരെയൊക്കെ വിമർശിക്കാം. അത് വ്യക്തി ഹത്യയായി മാറരുത്.സോഷ്യൽ മീഡിയ വഴിയുള്ള അതിരുവിടലുകൾ നിയന്ത്രിക്കേണ്ടതാണെന്നും മുഖ്യമന്ത്രി സതീശൻ ചൂണ്ടിക്കാട്ടി.

തൃശൂരിന്റെ ചരിത്ര പാരമ്പര്യത്തെ സ്മരിച്ച മുഖ്യമന്ത്രി, തേക്കിൻക്കാട് മൈതാനം ലോക പ്രസിദ്ധ ടൂറിസം കേന്ദ്രമാക്കി മാറ്റണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

തൃശൂർ പ്രസ് ക്ലബ് ന്റെ ആദ്യ കാല ഭാരവാഹികളെ ഉപഹാരം നൽകി മുഖ്യമന്ത്രി സതീശൻ ആദരിച്ചു.

മന്ത്രി ഒ ജെ. ജനീഷ് മുഖ്യാഥിതിയായി..

ബെന്നി ബഹനാൻ എം.പി., എം.എൽ.എ.മാരായ രാജൻ പല്ലൻ, കെ.രാജൻ, ഗീത ഗോപി, കെ.കെ. വത്സരാജ്, തോമാസ് ഉണ്ണിയാടൻ / കോർപ്പറേഷൻ മേയർ ഡോ: നിജി ജസ്റ്റിൻഡെ പൂട്ടി മേയർ പ്ര സാദ്, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി , തോമസ്,ത മ്പാൻ തോമസ്, കെ.പി റജിസുരേഷ് എടപ്പാൾ തുടങ്ങിയവർപ്രസംഗിച്ചു. ചടങ്ങിൽ രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക രംഗങ്ങളിലെ പ്ര്മുഖരടക്കം ധാരാളം പേർ പങ്കെടുത്തു. സംഗീതവിരുന്നും ഉണ്ടായി.

സ്നേഹതീരം പഞ്ചദിന സഹവാസ ക്യാമ്പ് സമാപിച്ചു

PROGRAMME
ST. JOSEPH'S COLLEGE (AUTONOMOUS)
IRINJALAKUDA
DEPARTMENT OF SOCIAL WORK
സ്നേഹതീരം' 2026
പഞ്ചദിന ഗ്രാമീണ സഹവാസ ക്യാമ്പ്
TRIBAL CAMP AT KOLLENGODE

കൊല്ലങ്കോട്: ഇരിഞ്ഞാലക്കുട സെന്റ് ജോസഫ്സ് കോളേജ് ഓട്ടോണമസ്, കോളേജിലെ ഒന്നാം വർഷ സാമൂഹിക പ്രവർത്തന വിഭാഗത്തിന്റെയും കൊല്ലങ്കോട് ആശ്രയം റൂറൽ ഡെവലപ്മെന്റ് സൊസൈറ്റി യുടെയും നേതൃത്വത്തിൽ സംഘടിപ്പിച്ച 'സ്നേഹതീരം' പഞ്ചദിന സഹവാസ ക്യാമ്പിന് സമാപനമായി.

അഞ്ച് ദിവസങ്ങളിലായി നടന്ന ക്യാമ്പിൽ സാമൂഹിക പ്രവർത്തന വിഭാഗത്തിലെ ഒന്നാം വർഷ എം. എസ്. ഡബ്ല്യൂ. വിദ്യാർത്ഥിനികൾ പൂളക്കാട് ഗ്രാമം സന്ദർശിച്ചു , ഗ്രാമീണ സമൂഹവുമായി നേരിട്ട് ഇടപഴകുകയും അവരുടെ ജീവിത സാഹചര്യങ്ങൾ, ആവശ്യങ്ങൾ, പ്രശ്നങ്ങൾ എന്നിവ അടുത്തറിയുകയും ചെയ്തു. വിവിധ സാമൂഹിക പഠന പ്രവർത്തനങ്ങൾ, ബോധവത്ക്കരണ പ്രവർത്തനങ്ങൾ എന്നിവ ക്യാമ്പിന്റെ ഭാഗമായി നടന്നു.

സമാപന ചടങ്ങിൽ ആശ്രയം എൻ.ജി.ഒ പ്രവർത്തകർ, സെന്റ് ജോസഫ്സ് കോളേജ് അധ്യാപകർ, സാമൂഹിക പ്രവർത്തന വിദ്യാർത്ഥികൾ, എന്നിവർ പങ്കെടുത്തു. ഗ്രാമീണ സമൂഹത്തെ അടുത്തറിയുന്നതിനും സാമൂഹിക പ്രവർത്തനത്തിന്റെ പ്രായോഗിക വശങ്ങൾ മനസ്സിലാക്കുന്നതിനും ക്യാമ്പ് വിദ്യാർത്ഥികൾക്ക് സഹായകമായി.

പനി പടരുന്നു

തൃശ്ശൂർ: സംസ്ഥാനത്ത് പകർച്ചവ്യാധികൾ പടരുന്നു. കഴിഞ്ഞ ദിവസം മാത്രം 8377 പേർ പനി ബാധിച്ച് ചികിത്സ തേടി.14 പേർക്ക് എലിപ്പനിയും 53 പേർക്ക് ഡെങ്കിപ്പനിയും സ്ഥിരീകരിച്ചു. 92 പേർക്ക് ചിക്കൻ പോക്സും 86 പേർക്ക് ഇൻഫ്ലുവൻസയും ബാധിച്ചു. പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കാൻ സർക്കാർ.

അനധികൃത പാലിയേറ്റീവിന് പൂട്ട് വീണു?

പുതുക്കാട്: സർക്കാർ താലൂക്ക് ആശുപത്രിയിൽ വർഷങ്ങളായി അനധികൃതമായി പ്രവർത്തിച്ചിരുന്നു. സുസ്ഥിര പാലിയേറ്റീവ് സൊസൈറ്റി പുതുക്കാട് ബ്ലോക്ക് കോൺഗ്രസ്സ് ജനറൽ സെക്രട്ടറി വർഗ്ഗീസ് തെക്കേത്തല ആരോഗ്യ വകുപ്പ് മന്ത്രി, തൃശൂർ ജില്ല കളക്ടർ, തൃശൂർ ജില്ല മെഡിക്കൽ ഓഫിസർ, പുതുക്കാട് താലൂക്ക് ആശുപത്രി സൂപ്രണ്ട് എന്നിവർക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ സൊസൈറ്റിയക്ക് ഒഴിഞ്ഞ് പോകാൻ സമയം അനുവദിച്ചിട്ടും ഒഴിഞ്ഞ് പോകാനത്തിനാൻ ആശുപത്രി സൂപ്രണ്ട് പുതുക്കാട് പോലിസിന്റെ സഹായത്തോടെ അടച്ച് പൂട്ടി. അടച്ച് പൂട്ടൽ സമരത്തിൽ നിരവധി കോൺഗ്രസ്സ്, ബിജെപി പ്രവർത്തകർ ഒത്തുകൂടി

ലോഗോ പ്രകാശനം ചെയ്തു

തൃശ്ശൂർ: തൃശ്ശൂർ സഹോദയ ജില്ലാ കലോത്സവം 2026-ന്റെ ലോഗോ പ്രകാശനം ചെയ്തു. അറഫ ഇംഗ്ലീഷ് സ്കൂൾ, ആറ്റൂരിൽ നടന്ന ചടങ്ങിൽ വഖഫ് ബോർഡ് ചെയർമാനും അറഫ ചാരിറ്റബിൾ ജനറൽ സെക്രട്ടറിയുമായ കെ. എസ്. ഹംസ ലോഗോ പ്രകാശനം നിർവഹിച്ചു.

സഹോദയയുടെ നേതൃത്വത്തിൽ ജില്ലയിലെ സി.ബി.എസ്.ഇ. വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ കലാപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും വിവിധ കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിനുമുള്ള വേദിയൊരുക്കുന്നതിനുമായി സംഘടിപ്പിക്കുന്ന ജില്ലാ കലോത്സവത്തിന്റെ മുന്നോടിയായാണ് ലോഗോ പ്രകാശനം നടത്തിയത്.ചടങ്ങിൽ സഹോദയ ജില്ലാ പ്രസിഡന്റ് ഡോ. ദിനേശ് ബാബു എം. അധ്യക്ഷത വഹിച്ചു. അറഫ ഇംഗ്ലീഷ് സ്കൂൾ പ്രിൻസിപ്പൽ ജാസ് എം.എ. സ്വാഗതം പറഞ്ഞു. സഹോദയ ജില്ലാ ജനറൽ സെക്രട്ടറി ഷമീം ബാവ നന്ദി രേഖപ്പെടുത്തി.

ലോഗോ നിർമ്മാണ മത്സരത്തിൽ ഹോളിക്രോസ് സ്കൂൾ, മുള്ളൂർക്കര ഒന്നാം സ്ഥാനവും പാറമേക്കാവ് വിദ്യാമന്ദിർ, പൊൻകുന്നം രണ്ടാം സ്ഥാനവും ഭാരതീയ വിദ്യാഭവൻ സീനിയർ സ്കൂൾ, അടാട്ട് മൂന്നാം സ്ഥാനവും നേടി.

ചടങ്ങിൽ സഹോദയ ഭാരവാഹികൾ, സ്കൂൾ മാനേജ്മെന്റ് പ്രതിനിധികൾ, അധ്യാപകർ, വിവിധ സ്കൂളുകളുടെ പ്രതിനിധികൾ, സംഘാടക സമിതി അംഗങ്ങൾ എന്നിവർ പങ്കെടുത്തു. ജില്ലാ കലോത്സവത്തിന്റെ വിജയകരമായ നടത്തിപ്പിനായി വിപുലമായ ഒരുക്കങ്ങൾ പുരോഗമിക്കുകയാണ്.

തൃശൂർ ഗവ. മെഡിക്കൽ കോളേജിൽ പാലിയേറ്റീവ് ഹോം കെയർ സേവനം തുടക്കം

തൃശൂർ ഗവ.മെഡിക്കൽ കോളേജ് പാലിയേറ്റീവ് കെയർ സെന്ററിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന ഹോം കെയർ പാലിയേറ്റീവ് സേവനങ്ങളുടെ ഉദ്ഘാടനം പാലിയേറ്റീവ് കെയർ സെന്ററിൽ വെച്ച് നടന്നു.

സർക്കാർ മേഖലയിൽ, തൃതീയ തലത്തിൽ കേരളത്തിൽ ആദ്യമായിട്ടാണ് ഇത്തരമൊരു സേവനം ആരംഭിക്കുന്നത്.

പ്രിൻസിപ്പാൾ ഡോ. കെ.കെ. അനിൽ രാജിന്റെ അധ്യക്ഷതയിൽ ചേർന്ന ചടങ്ങിൽ ന്യൂ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ & MCCH മെഡിക്കൽ സൂപ്രണ്ടുമാർ, നഴ്സിംഗ് സൂപ്രണ്ടുമാർ പങ്കെടുത്തു. ആശുപത്രി സൂപ്രണ്ട് ഡോ. ലിജോ ജെ. കോളന്നൂർ, വൈസ് പ്രിൻസിപ്പാൾ ഡോ. കെ.കെ. ഉഷ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ അനുരാധ, നെഞ്ചുരോഗ ആശുപത്രി സൂപ്രണ്ട് ഡോ. ഷഹന എ. ഖാദർ, പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ ചുമതല വഹിക്കുന്ന അനസ്തേഷ്യ വിഭാഗം മേധാവി ഡോ. എം. ബിന്ദു, ഡോ. ഷിബി ടി.ബി, ഡോ. റെനി ഐസക്, ഡോ. കെ.ജി. രാധാകൃഷ്ണൻ, കെ.എസ്. മധു തുടങ്ങിയവർ സംസാരിച്ചു.

പെയിൻ & പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ നേതൃത്വത്തിലാണ് ഈ സംവിധാനം നടപ്പിലാക്കുന്നത്. ആദ്യപടിയായി സമീപത്തെ 5 പഞ്ചായത്തുകളായ അവണൂർ, മുണ്ടത്തിക്കോട്, മുളംകുന്നത്തുകാവ്, കോലഴി, വേലൂർ എന്നിവിടങ്ങളിൽ ആഴ്ചയിൽ ഒരിക്കൽ വീടുകളിൽ സന്ദർശനം നടത്താനാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. എല്ലാ പഞ്ചായത്തുകളിലെയും രോഗികളെ രജിസ്റ്റർ ചെയ്ത് പഞ്ചായത്തിന്റെ സഹകരണത്തോടെ വീടുകളിൽ സന്ദർശനം നടത്തും.

ഗുരുതരവും ദീർഘകാലവുമായ രോഗങ്ങളാൽ ബുദ്ധിമുട്ടുന്ന, കിടപ്പിലായ രോഗികൾ, പ്രായമായവർ, കാൻസർ രോഗികൾ, ജീവിതാന്ത്യ പരിചരണം ആവശ്യമുള്ളവർ എന്നിവർക്ക് അവരുടെ വീടുകളിൽ തന്നെ പാലിയേറ്റീവ് പരിചരണം, വേദനയും മറ്റ് രോഗലക്ഷണങ്ങളും നിയന്ത്രിക്കൽ, മരുന്നുകളുടെ ക്രമീകരണം, നഴ്സിംഗ് പരിചരണം, മുറിവ് പരിചരണം, രോഗികൾക്കും കുടുംബാംഗങ്ങൾക്കും ആവശ്യമായ ആരോഗ്യ വിദ്യാഭ്യാസം എന്നിവ നൽകുക എന്നതാണ് ഈ സേവനത്തിന്റെ പ്രധാന ലക്ഷ്യം.

ഈ സേവനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പാലിയേറ്റീവ് കെയർ മെഡിക്കൽ ഓഫീസർ, നഴ്സ്, മറ്റ് ആരോഗ്യ പ്രവർത്തകർ എന്നിവരടങ്ങുന്ന സംഘം വിവിധ പ്രദേശങ്ങളിലെ രോഗികളുടെ വീടുകളിൽ സന്ദർശനം നടത്തും. എല്ലാ ദിവസങ്ങളിലും പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ ക്ലിനിക് പ്രവർത്തിച്ചുവരുന്നുണ്ട്.

ചാവക്കാട് ന്യൂനപക്ഷക്ഷേമ വികസന കേന്ദ്രത്തിന്റെ ഉദ്ഘാടനം മന്ത്രി എൻ. ഷംസുദ്ദീൻ നിർവ്വഹിച്ചു

ഗുരുവായൂർ; എം.എൽ.എ. എൻ.കെ. അക്ബർ അദ്ധ്യക്ഷത വഹിച്ചു. ചാവക്കാട് നഗരസഭ ചെയർപേഴ്സൺ എ.എച്. അക്ബർ, ഗുരുവായൂർ നഗരസഭ ചെയർപേഴ്സൺ സുനിത അരവിന്ദൻ, ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് അഡ്വ. ഷിബു.കെ.കെ, മണ്ഡലത്തിലെ ഗ്രാമപഞ്ചായത്ത് പ്രസിഡൻറുമാർ, ജില്ലാ പഞ്ചായത്ത് അംഗങ്ങൾ , രാഷ്ട്രീയ കക്ഷി നേതാക്കളായ ടി.ടി ശിവദാസൻ, ആർ.പി ബഷീർ. സി. എ. ഗോപപ്രതാപൻ, പി.കെ രാജേശ്വരൻ, തോമസ് ചിറമ്മേൽ,പി.കെ. സൈതാലിക്കുട്ടി,

ആർ.ടി. ഗഫൂർ, അജിതൻ മച്ചിങ്ങൽ, സുരേഷ് ചങ്കത്ത്, സെൻറ് തോമസ് ചർച്ച് പള്ളി വികാരി ഫാദർ ഡോ. ഡേവിസ് കണ്ണമ്പുഴ, മണത്തല ജുമാ മസ്ജിദ് സെക്രട്ടറി കെ.വി ഷാനവാസ്, ജനപ്രതിനിധികൾ, പൊതുപ്രവർത്തകർ അടക്കമുള്ള നാട്ടുകാരും പങ്കെടുത്തു.

ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 7 മെയിൻ സെൻററുകൾക്കാണ് അനുമതി ലഭിച്ചിരുന്നത്. അതിൽ രണ്ടാമത്തെ സെൻററാണ് ഗുരുവായൂരിൽ ഉദ്ഘാടനം ചെയ്യപ്പെട്ടത്. തൃശൂർ ജില്ലയിൽ പീച്ചിയിലും മലപ്പുറം ജില്ലയിൽ താനൂരിലും മെയിൻ സെൻററുകൾ അനുവദിച്ചിട്ടുണ്ട്. അടുത്ത മാസം 1-ാം തിയ്യതിയാണ് താനൂരിലെ സെൻറർ ഉദ്ഘാടനം നിശ്ചയിച്ചിട്ടുള്ളത്.

ചാവക്കാട് മുൻസിപ്പാലിറ്റിയുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ ആരംഭിക്കുന്ന കേന്ദ്രത്തിൽ കേന്ദ്ര-സംസ്ഥാന സർവീസുകളിലെ വിവിധ തസ്തികളിലേക്കുള്ള സൗജന്യ മത്സര പരീക്ഷാ പരിശീലനമാണ് നൽകുന്നത്. അറുപതിലേറെ ഉദ്യോഗാർത്ഥികൾക്ക് പരിശീലനത്തിന് സഹായകമാകുന്ന തരത്തിൽ ആധുനിക സജ്ജീകരണങ്ങളോടെയാണ് പരിശീലന കേന്ദ്രം ഒരുക്കിയിട്ടുള്ളത്. ആറുമാസം വീതം വർഷത്തിൽ രണ്ട് പ്രാവശ്യമായാണ് പരിശീലനം നൽകുന്നത്.

ന്യൂനപക്ഷ ക്ഷേമവകുപ്പ് നേരിട്ട് അഭിമുഖം നടത്തി തിരഞ്ഞെടുത്ത വിദഗ്ധരായ അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ ആണ് പരിശീലനം.

ന്യൂനപക്ഷ വിഭാഗങ്ങളിൽ(മുസ്ലിം, ക്രിസ്ത്യൻ, സിഖ്, പാഴ്സി, ജൈന, ബുദ്ധ) പ്പെട്ട 18 വയസ് പൂർത്തിയായ ഉദ്യോഗാർത്ഥികൾക്കാണ് പരിശീലനത്തിന് അവസരം. ഉദ്യോഗാർത്ഥികളുടെ സൗകര്യപ്രകാരം റഗുലർ, ഹോളീഡേ വിഭാഗങ്ങൾ ആയാണ് പരിശീലനം. വിദ്യാഭ്യാസ പുരോഗതിയും തൊഴിൽ ക്ഷമതയും അവസരവും ഉറപ്പാക്കുന്നതിന്റെ ഭാഗമായി സർക്കാർ രൂപം നൽകിയ ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങൾ വഴി നൂറുകണക്കിന് യുവതീ യുവാക്കൾ സർക്കാർ സർവ്വീസിൽ പ്രവേശിച്ചിട്ടുണ്ട്.

നഗരവികസനം ഭിന്നശേഷി സൗഹൃദപരമാകണം: സംസ്കാര സാഹിതി

ഇരിങ്ങാലക്കുട: നഗരത്തിന്റെ നവീകരണ പ്രവർത്തനങ്ങളിൽ ഭിന്നശേഷി വിഭാഗങ്ങൾക്കുകൂടി ഉപകാരപ്രദമാകുന്ന മാറ്റങ്ങൾ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് സംസ്കാരസാഹിതി ഇരിങ്ങാലക്കുട മുനിസിപ്പൽ ചെയർമാൻ എം.പി. ജാക്സന് നിവേദനം സമർപ്പിച്ചു. മുനിസിപ്പൽ ബസ്റ്റാൻഡ്, മുനിസിപ്പൽ പാർക്ക്, ബൈപ്പാസ് റോഡ് എന്നിവയുടെ നവീകരണവുമായി ബന്ധപ്പെട്ടാണ് ഈ നിർദ്ദേശങ്ങൾ സമർപ്പിക്കപ്പെട്ടത്.

തദ്ദേശ തെരഞ്ഞെടുപ്പിന് മുൻപ് സംസ്കാരസാഹിതി നടത്തിയ 'ഇരിങ്ങാലക്കുടയുടെ വികസന സ്വപ്നങ്ങൾ' എന്ന പരിപാടിയുടെ ഭാഗമായി നടത്തിയ മത്സരത്തിൽ വിജയിയായ ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളേജ് അധ്യാപിക ഡോ. ശ്രുതി ദീപക് തയ്യാറാക്കിയ ഭിന്നശേഷി സൗഹൃദ വികസന നിർദ്ദേശങ്ങളാണ് നിവേദനത്തിലൂടെ സമർപ്പിച്ചത്.

ഇരിങ്ങാലക്കുട നഗരസഭ വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ വി.സി. വർഗീസ്, സംസ്കാര സാഹിതി നിയോജക മണ്ഡലം ചെയർമാൻ അരുൺ ഗാന്ധിഗ്രാം, ട്രഷറർ എ.സി. സുരേഷ്, സെക്രട്ടറി ഫ്രാൻസിസ് പുല്ലോക്കാരൻ, മണ്ഡലം സെക്രട്ടറി ജോസഫ് പള്ളിപ്പാട്ട് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

പ്രവാസി ഇൻഷൂറൻസ് പദ്ധതി ഉടൻ നടപ്പാക്കണം: പ്രവാസി കോൺഗ്രസ്സ് സംസ്ഥാന കമ്മിറ്റി

ക്ഷേമ പെൻഷൻ അടക്കമുള്ള പദ്ധതികൾ മുടങ്ങുകയും ദൈനംദിന കാര്യങ്ങൾ അവതാളത്തിലാവുകയും ചെയ്ത സാഹചര്യത്തിൽ, താമസംവിനാ പ്രവാസി ക്ഷേമനിധി ബോർഡ് പുനഃസംഘടിപ്പിച്ച് തുടർ പ്രവർത്തനങ്ങൾക്ക് ഊർജ്ജം നൽകണമെന്നും പ്രവാസി ഇൻഷൂറൻസ് പദ്ധതിയിൽ തിരികെ വന്ന പ്രവാസികളെ ഉൾപ്പെടുത്തി അടിയന്തരമായി നടപ്പിൽ വരുത്തണമെന്നും പ്രവാസി കോൺഗ്രസ്സ് സംസ്ഥാന കമ്മിറ്റി ഗവണ്മെന്റിനോടാവശ്യപ്പെട്ടു.

തിരുവനന്തപുരത്ത് ചേർന്ന പ്രവാസി കോൺഗ്രസ്സ് സംസ്ഥാനകമ്മിറ്റി യോഗത്തിൽ 2026 - 27 വർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിഡണ്ടായി ദിനേശ് ചന്ദനയെയും സംഘടനാ ചുമതലയുള്ള ജനറൽ സെക്രട്ടറിയായി സലീം പള്ളിവിളയെയും ട്രഷറർ ആയി ഡോ. റഷീദ് മഞ്ഞപ്പാറയെയും ഐകകണ്ഠ്യേന തിരഞ്ഞെടുത്തു. ജനറൽ സെക്രട്ടറിമാർ: ബദറുദ്ദീൻ ഗുരുവായൂർ, അഷറഫ് വടക്കേവിള, വൈസ് പ്രസിഡണ്ടുമാർ: ചന്ദ്രിക ശ്രീധർ തിരുവനന്തപുരം, ആർ.കെ. രാധാകൃഷ്ണൻ. സെക്രട്ടറിമാർ: ഹസൻ കുഞ്ഞു ക്ലാപ്പന, ഗീവർഗ്ഗീസ് വെസ്റ്റ് കല്ലട, നൗഷാദ് പാലോട്, കമറുദ്ദീൻ തഴവ തുടങ്ങിയവരെയും 21 അംഗ നിർവ്വാഹക സമിതിയെയും യോഗം തിരഞ്ഞെടുത്തു.

2026 ഡിസംബർ 27ന് നടക്കുന്ന ബോൺ നതാലെയുടെ പൗരാവലി മീറ്റിങ്ങിന്റെ ഉദ്ഘാടനം തൃശൂർ അതിരൂപത മെത്രാപ്പോലീത്തമാർ ആൻഡ്രൂസ് താഴത്തും തൃശൂർ കോർപ്പറേഷൻ മേയർ നിജി ജെസ്റ്റിനും ചേർന്ന് നിർവ്വഹിക്കുന്നു.

എ.ഐ: ബോൺ മത്താലയിലും പുതുമകളോടെ ബോൺനത്താലെ – 2026

തൃശൂർ.ഈ വർഷത്തെ ബോൺ നത്താലക്ക് വളരെയധികം പുതുമകൾ ഉണ്ടാകുമെന്നും, എ.ഐ. സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പ്ലോട്ടുകൾ ഉണ്ടെന്നും തൃശ്ശൂർ അതി രൂപത ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പറഞ്ഞു. ബോൺ നതാലെ പൗരാവലിയുടെ ആലോചനയോഗം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മാർ താഴത്ത്.

തൃശ്ശൂർ കോർപ്പറേഷൻ മേയർ നിജി ജസ്റ്റിൻ അധ്യക്ഷത വഹിച്ചു. അതിരൂപതാസഹായ മെത്രാന്മാർ മാർ ടോണിനിലങ്കാവിൽ മുഖ്യ പ്രഭാഷണം നടത്തി. കൽദായ സുറിയാനി സഭ മെത്രാപ്പോലീത്തമാർ ഓഗിൻ കുര്യാക്കോസ് അനുഗ്രഹ പ്രഭാഷണം നടത്തി. എംഎൽഎമാരായ കെ.എ. രാജൻ,സേവിയർ ചിറ്റലപ്പിള്ളി,ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ്, പാറമേക്കാവ് ദേവസ്വം സെക്രട്ടറി രാജേഷ് ജി., രാഷ്ട്രീയ നേതാക്കളായ ജസ്റ്റിൻ ജേക്കബ്, സി വി കുര്യാക്കോസ് ,ടിവി ചന്ദ്രമോഹൻ, ജോഫി സി ടി, സെബാസ്റ്റ്യൻ ചൂണ്ടൽ ,സി ആർ വത്സൻ,സുരേന്ദ്രൻ ഐനിക്കുന്നത്, ചേബർ ഓഫ് കോമേഴ്സ് സെക്രട്ടറി സോളി തോമസ്, ജോൺസൺ കാഞ്ഞിരത്തിങ്കൽ, മോൺ ജോസ് കോനിക്കര, മോൺ ജയ്സൺ കൂനംപ്ലാക്കൽ, ഫാ. ഡൊമിനിക് തലക്കോടൻ, ഫാ ഫ്രാൻസിസ് പള്ളിക്കുന്നത്ത്, ഫാ. സിംസൺ ചിറമ്മൽ, ഫാ. ഷിജു ചിരിയ കണ്ടത്ത്, വർക്കിംഗ് ചെയർമാൻ ഫാ. അനു ചാലിൽ, ജനറൽ കൺവീനർ ജോർജ് ചിറമ്മൽ, ചീഫ് കോഡിനേറ്റർ ജോജു മഞ്ഞില, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ജോഷി വടക്കൻ, ഏകോപന സമിതി കൺവീനർ ഷിന്റോ മാത്യു,വർക്കിംഗ് ജനറൽ കൺവീനർ ആൻറണി എ എ തുടങ്ങിയവർ പ്രസംഗിച്ചു.

ഹജ്ജുമ്മമാരുടെ സംഗമം നടത്തി

കൊടുങ്ങല്ലൂർ: കെയറിങ്ങ് ഹാൻഡ്സ് ലേഡീസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഹജ്ജ് കർമ്മം പൂർത്തിയാക്കിയ ഹജ്ജുമ്മമാരുടെ സംഗമം കൊടുങ്ങല്ലൂർ എം. ഐ .ടി ഹാളിൽ നടന്നു. പ്രസിഡന്റ് ബീന കാട്ടകത്ത് അധ്യക്ഷത വഹിച്ചു. ലൈല കുഞ്ഞുമൊയ്തീൻ ക്ലാസ് നയിച്ചു. ഹജ്ജുമ്മമാരായ മൈമൂന, റംല ലത്തീഫ്, ബൽക്കീസ്, സീനത്ത്, അജിത, നൂർ ജഹാൻ മുഹമ്മത് ,ലൈല കരൂപടന്ന, മുംതസ്അസീസ്, ഷഹബാനത്ത്, സൈബു സലിം, റസിയ ബഷീർ, സുഹരിയജസിൻ തുടങ്ങിയവർആശംസകൾ അർപ്പിച്ചു പ്രസംഗിച്ചു.

അഡ്വക്കേറ്റ് വി എൻ നാരായണനും മോഹനൻ അന്തിക്കാടും അടിയന്തരാവസ്ഥ വിരുദ്ധ പോരാട്ടത്തിന്റെ വൈവിധ്യങ്ങൾ: അഡ്വക്കേറ്റ് ഷാജൻ മഞ്ഞളി

ആമ്പല്ലൂർ: ജനാധിപത്യ പൗരാവകാശ മൗലിക അവകാശ ലംഘനമായ അടിയന്തരാവസ്ഥ വിരുദ്ധ പോരാളികളായ ഒരാഴ്ചയുടെ വ്യത്യാസത്തിൽ വിടപറഞ്ഞ അഡ്വക്കേറ്റ് വി എൻ നാരായണനും മോഹനൻ അന്തിക്കാടും അടിയന്തരാവസ്ഥ വിരുദ്ധ പോരാട്ടത്തിന്റെ വൈവിധ്യങ്ങൾ ആയിരുന്നുവെന്ന് ആർ ജെ ഡി രാഷ്ട്രീയ ജനതാദൾ ജില്ലാ ജനറൽ സെക്രട്ടറി അഡ്വക്കേറ്റ് ഷാജൻ മഞ്ഞളി പ്രസ്താവിച്ചു തൃശ്ശൂർ കേരളവർമ്മ കോളേജിൽ വിദ്യാർഥിയായിരിക്കുമ്പോൾ അടിയന്തരാവസ്ഥക്കെതിരെയുള്ള കുരുക്ഷേത്ര എന്ന പേരിലുള്ള പ്രസിദ്ധീകരണം പ്രചരിപ്പിച്ചതിന്റെ പേരിൽ അതിശക്തവും തീവ്രവുമായ അടിയന്തരാവസ്ഥ വിരുദ്ധ നിലപാടെടുത്തതിന്റെ പേരിൽ 1977 ലെ ജനതാ പാർട്ടി ഗവൺമെൻറ് റദ്ദാക്കിയ വിചാരണ കൂടാതെ തടവിൽ വെക്കുന്ന 1959 ലെ മെയിൻറനൻസ് ഓഫ് ഇന്റേണൽ സെക്യൂരിറ്റിസ് ആക്ട് മോഹനൻ അന്തിക്കാടിനെതിരെ നടപ്പിലാക്കിയിരുന്നു അതിക്രൂരമായ മർദ്ദനത്തിന് ശേഷം ആയിരുന്നു മോഹനൻ . അന്തിക്കാടിനെ ജയിലിൽ അടച്ചത് മാപ്പെഴുതി കൊടുത്ത് ജയിൽ മോചിതനാവാൻ അദ്ദേഹം ആഗ്രഹിച്ചില്ല യുദ്ധ കാലഘട്ടത്തിലും ആഭ്യന്തര കലാപത്തിൻറെ കാലഘട്ടത്തിലും ഭക്ഷ്യ ക്ഷാമത്തിൻറെ സമയത്തും ഉപയോഗിക്കേണ്ട ഭരണഘടനയുടെ 352 എന്ന വകുപ്പ് ദുരുപയോഗം ചെയ്തു ജോർജ് ഫെർണാണ്ടസിന്റെ നേതൃത്വത്തിലുള്ളറെയിൽവേ സമരത്തിൽ നിന്നും വളർന്നുവരാവുന്ന ജനകീയ പ്രക്ഷോഭത്തെ അടിച്ച് അമർത്തുന്നതിനുവേണ്ടി ഇന്ദിരാഗാന്ധി ഗവൺമെൻറ് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതിനെതിരെ അതിശക്തമായ പ്രതിഷേധമാണ് വിദ്യാർത്ഥിയായിരുന്ന മോഹനൻ അന്തിക്കാട്. ഉയർത്തിയത്.

രാഷ്ട്രീയ ജനതാദൾ ആർ ജെ ഡി ജില്ലാ വൈസ് പ്രസിഡണ്ട് മോഹനൻ അന്തിക്കാട് 27- 9-2026 തീയതിയാണ് അന്തരിച്ചത് ഏതാനും ദിവസങ്ങൾക്കു മുമ്പ് അന്തരിച്ച ആർ ജെ ഡി നേതാവ് അഡ്വക്കേറ്റ് വിഎൻ നാരായണൻ പ്രത്യക്ഷമായി അടിയന്തരാവസ്ഥ വിരുദ്ധ പോരാട്ടത്തിൽ പങ്കെടുക്കാതെ പോലീസിന് പിടികൊടുക്കാതെ തൃശ്ശൂർ വിയ്യൂർ ജയിലിൽ മിസ്സ തടുവ കാരായി ഉണ്ടായിരുന്ന സോഷ്യലിസ്റ്റ് നേതാക്കളായിരുന്ന അരങ്ങിൽ ശ്രീധരൻ പി വിശ്വംഭരൻ ഓ കേളു തുടങ്ങിയവർക്ക് ആവശ്യമായ ചികിത്സാ സഹായം ഉൾപ്പെടെയുള്ള സഹായങ്ങൾ ചെയ്തു കൊടുത്തു കൊണ്ടാണ് അടിയന്തരാവസ്ഥ വിരുദ്ധ പോരാട്ടത്തിൽ പങ്കാളി ആയത് സോഷ്യലിസ്റ്റ് പാർട്ടിയുടെ വിദ്യാർത്ഥി സംഘടനയുടെ സംസ്ഥാന പ്രസിഡണ്ടായിരുന്ന അഡ്വക്കേറ്റ് വി എൻ നാരായണൻ പിന്നീട് പാർട്ടിയിൽ ഒട്ടേറെ പദവികൾ വഹിക്കുകയുണ്ടായി തൃശ്ശൂരിന്റെ സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ മേഖലകളിലും ട്രേഡ് യൂണിയൻ രംഗത്തും അദ്ദേഹം നിറഞ്ഞുനിന്നു എന്നാൽ പാർലമെൻറി വ്യാമോഹം അദ്ദേഹത്തെ ബാധിച്ചിരുന്നില്ല അടിയന്തരാവസ്ഥ വിരുദ്ധ പോരാട്ടത്തിലെ മർദ്ദനം മോഹനൻ അന്തിക്കാടിന്റെ കേൾവി ശക്തിയെയും ആരോഗ്യത്തെയും കാര്യമായി ബാധിച്ചു അടിന്ത്രാവസ്ഥ വിരുദ്ധ പോരാട്ടത്തിൽ പങ്കെടുത്തവർക്ക് സ്വാതന്ത്ര്യ സമര പെൻഷൻ പോലെ പെൻഷൻ അനുവദിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടിരുന്നു അർഹമായ അംഗീകാരം ലഭിക്കാതെ പോയ നേതാവായിരുന്നു

ഇരിങ്ങാലക്കുട ഉപജില്ല സ്കൂൾ ഗെയിംസ് ബാസ്ക്കറ്റ്ബോൾ ടൂർണമെന്റിൽ ജൂനിയർ ആൺകുട്ടികളുടെയും സീനിയർ പെൺകുട്ടികളുടെ വിഭാഗത്തിൽ ഒന്നാം സ്ഥാനവും സബ് ജൂനിയർ ആൺകുട്ടികളുടെയും ജൂനിയർ പെൺകുട്ടികളുടെ വിഭാഗത്തിൽ രണ്ടാം സ്ഥാനവും നേടിയ സെന്റ് മേരീസ് ഹയർസെക്കൻഡറി സ്കൂൾ ഇരിങ്ങാലക്കുട ടീം അംഗങ്ങൾ.

കേരളം സർക്കാർ
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
CMO Keralam
cmokeralam
CMOKeralam
Kerala Government
iprdkerala
Kerala Government
PRD LIVE
LSGD

ഞാൻ എന്റെ നാടിന്റെ കാവലാൾ
തൂഫാൻ തദ്ദേശം
ലഹരിക്കെതിരെ ജനസേന
തൂഫാൻ രണ്ടാം ഘട്ടം
സംസ്ഥാനതല ഉദ്ഘാടനം
ഇനി ത്രിതലപഞ്ചായത്തിലെ ഓരോ വാർഡിലും
തൂഫാൻ ജനജാഗ്രത സമിതി
28 സെപ്റ്റംബർ 2026 | രാവിലെ 11 | മലബാർ കോളേജ്, വേങ്ങര

ഉദ്ഘാടനം: ശ്രീ. രമേശ് ചെന്നിത്തല (ബഹു. ആഭ്യന്തര- വിജിലൻസ്- കയർ വകുപ്പ് മന്ത്രി)
അധ്യക്ഷൻ: ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (ബഹു. വ്യവസായം- വാണിജ്യം വകുപ്പ് മന്ത്രി)
ശ്രീ. കെ. എം. ഷാജി (ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)
ശ്രീ. എ. പി. അനിൽകുമാർ (ബഹു. റവന്യു വകുപ്പ് മന്ത്രി), ശ്രീ. പി. കെ. ബഷീർ (ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രി)
എംപിമാർ, എംഎൽഎമാർ തുടങ്ങിയവർ പങ്കെടുക്കും

രാവിലെ 11 മുതൽ 12:30 വരെ സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും
തൂഫാൻ പതാക ഉയർത്തൽ, ലഹരി വിരുദ്ധ പ്രതിജ്ഞ
തൂഫാൻ വാറിയർ ബാഡ്ജ് സ്വീകരണം